


കേരള സർക്കാർ

# കടലറിവുകൾ

സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ)
മൽസ്യവകുപ്പ്, കേരളം



# കടലറിവുകൾ

സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ)

കേരള മൽസ്യവകുപ്പ്

Printed at: KBPS, Kakkanad, Kochi-30

Design: Shinekolourpencil@gmail.com
Phone : 9746530023

# ഉള്ളടക്കം

## ഭാഗം ഒന്ന്


| | |
|---|---|
| പരമ്പരാഗത മത്സ്യമേഖലയും നാട്ടറിവുകളുടെ പ്രയോഗവും - പുരുഷൻ കെ. എസ്. | 12 |
| കടലും നാട്ടറിവുകളും - പി.കെ ഉണ്ണികൃഷ്ണൻ | 19 |
| കടലറിവുകൾ മത്സ്യബന്ധന മേഖലയുടെ സംരക്ഷണത്തിന് - രമേശൻ എം. പി. | 30 |
| തദ്ദേശീയ സാങ്കേതിക വിദ്യകൾ - സ്വാതിലക്ഷ്മി | 35 |
| കടൽപക്ഷി അറിവുകൾ - ജാഫർ പാലോട് | 41 |
| കേരളത്തിലെ പരമ്പരാഗത മത്സ്യബന്ധന രീതികളും വിശ്വാസ പ്രമാണങ്ങളും - ശിവപ്രസാദ് പി.എസ്, നവ്യ ആർ, സാജു എം.എസ് & സുലേഖ എം. എസ്. | 49 |
| തക്കവും തരവും നോക്കിയുള്ള മത്സ്യബന്ധന രീതികൾ - ശ്രീകാന്ത് കെ. എ. | 55 |
| മഴക്കാലത്ത് അനുവർത്തിക്കുന്ന പരമ്പരാഗത ഉൾനാടൻ മത്സ്യബന്ധന രീതികൾ - ഷാജി സി. പി. | 67 |
| പരമ്പരാഗത മത്സ്യബന്ധന യാനങ്ങളുടെ നിർമ്മാണവും പരിപാലനവും - നവ്യ ആർ. | 76 |
| നാടൻ മത്സ്യവലകൾ, അവയുടെ നിർമ്മാണം, പരിപാലനം - ശിവപ്രസാദ് പി. എസ് | 81 |
| കേരളത്തിലെയും തമിഴ്നാട്ടിലേയും പരമ്പരാഗത ചൂണ്ട ഉപയോഗിച്ചുള്ള മത്സ്യബന്ധന രീതി - ലീല എഡ്വിൻ | 84 |
| തീരക്കടലിലെ കല്ലുകൾ - ആൻഡ്രൂസ് | 86 |
| വെള്ളവയറൻ കടൽപ്പരുന്ത് മുക്കുവരുടെ സൗഭാഗ്യം - ജാഫർ പാലോട് | 90 |
| കാത്തിരിപ്പ് - പ്രവീൺ തൈക്കടപ്പുറം | 94 |
| കടക്കോടി - ശിവപ്രസാദ് പി. എസ്. | 97 |
| മത്സ്യകൃഷിയിലെ നാട്ടറിവുകൾ - സാജു എം. എസ് | 101 |
| കൈപ്പാട്ടിലെ പാരമ്പര്യ കൃഷിരീതികൾ - ദിനേശൻ ചെറുവാട്ട് | 109 |
| മത്സ്യസംസ്ക്കരണത്തിലെ പരമ്പരാഗത രീതികൾ - കൃഷ്ണകുമാർ എസ്. | 118 |
| നാടൻ മത്സ്യവിഭവങ്ങൾ - ജോർജ്ജ്കുട്ടി കെ. ജി. | 122 |
| മത്സ്യമേഖലയിലെ പഴഞ്ചൊല്ലുകളും നാട്ടുപ്രയോഗങ്ങളും - ശിവപ്രസാദ്, ജോർജ്ജ്കുട്ടി, നവ്യ ആർ. | 124 |


## ഭാഗം രണ്ട്


| | |
|---|---|
| മത്സ്യമേഖലയിലെ നാട്ടറിവുകൾ - സഹദേവൻ പി. | 128 |

# തദ്ദേശീയ സാങ്കേതിക അറിവുകൾ

സ്വാതി ലക്ഷ്മി പി. എസ്*

## എന്താണ് തദ്ദേശീയ സാങ്കേതിക അറിവുകൾ?

ഒരു പരമ്പരാഗത സമൂഹം തലമുറകൾ നീളുന്ന ജീവിതസാഹചര്യങ്ങളുടേയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ സ്വായത്തമാക്കിയിട്ടുള്ള അറിവുകളാണ് തദ്ദേശീയ സാങ്കേതിക അറിവുകൾ. അവയിൽ പലതിന്റേയും ശാസ്ത്രീയ അടിത്തറ തെളിയിക്കപ്പെട്ടിട്ടില്ല. എന്നിരുന്നാലും ഈ അറിവുകൾ പാരമ്പര്യത്തനിമ നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കേണ്ടത് മത്സ്യമേഖലയുടെ സുസ്ഥിരമായ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്.

## തദ്ദേശീയ സാങ്കേതിക അറിവുകളുടെ പ്രസക്തി

നൂതന മത്സ്യബന്ധനരീതികളും വിവിധയിനം സാങ്കേതിക ഉപകരണങ്ങളുടെ ബാഹുല്യവും കാരണം മത്സ്യസമ്പത്ത് ശോഷണം നേരിടുന്നു. കുറഞ്ഞ മുതൽ മുടക്കിൽ നടത്താവുന്ന മത്സ്യബന്ധനമെന്ന നിലയ്ക്ക് പരമ്പരാഗത മത്സ്യബന്ധനരീതികൾ ചുരുക്കം ചിലയിടങ്ങളിൽ ഇന്നും നിലനിന്നുപോരുന്നു. വൈവിധ്യംകൊണ്ടും വ്യാപ്തികൊണ്ടും സമൃദ്ധമായ പരമ്പരാഗതമായ അറിവുകൾ പലതും അന്യംനിന്നു പോകുന്ന സ്ഥിതിവിശേഷമാണുള്ളത്. ഇതിലുപരി മത്സ്യത്തൊഴിലാളി സമൂഹത്തിലെ പുതുതലമുറയിൽപ്പെട്ട നല്ലൊരുഭാഗം യുവാക്കളും ഈ തൊഴിൽമേഖല ഉപേക്ഷിച്ച് മറ്റു ജോലികളിൽ ഏർപ്പെട്ട്കൊണ്ടിരിക്കുന്നു. മത്സ്യമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നാട്ടറിവുകൾ പലതും പ്രയോജനപ്പെടുത്താവുന്നതാണ്. അതുകൊണ്ടുതന്നെ കടലറിവുകൾ ശേഖരിക്കേണ്ടതും സൂക്ഷിക്കേണ്ടതും മത്സ്യസമ്പത്ത് നിലനിർത്തുന്നതിന് (സമൂഹപങ്കാളിത്തത്തോടെയുള്ള മത്സ്യസമ്പത്തിന്റെ പരിപാലനത്തിന്) അത്യന്താപേക്ഷിതമാണെന്നതിൽ തർക്കമില്ല. തദ്ദേശീയ കടലറിവുകൾ സംരക്ഷിക്കേണ്ടത് ശാസ്ത്ര സമൂഹത്തിന്റെ കടമയാണ്.

ഇന്ത്യയുടെ വിവിധ തീരപ്രദേശങ്ങളിൽ നിന്നും ശേഖരിച്ച തദ്ദേശീയ സാങ്കേതിക അറിവുകൾ (ITK) ചുവടെ ചേർക്കുന്നു.

| കേരളം |
| --- |
| വടക്കു നിന്നാണ് നീരൊഴുക്കെങ്കിൽ മത്സ്യലഭ്യത കുറയാനും തെക്കു നിന്നാണ് നീരൊഴുക്കെങ്കിൽ മത്സ്യലഭ്യത കൂടാനും സാധ്യതയുണ്ട്. |
| പടിഞ്ഞാറു നിന്നും തീരത്തേയ്ക്കടിക്കുന്ന കാറ്റിൽ മത്സ്യങ്ങളുടെ ലഭ്യത കൂടാനും തീരത്തു നിന്നും വീശുന്ന കാറ്റിൽ മത്സ്യ ലഭ്യത കുറയാനും സാധ്യതയുണ്ട്. |
| തെളിനീരിൽ മത്സ്യങ്ങൾ കുറവായിരിക്കും. |
| തിരകൾ കുറവുള്ള സമയത്ത് മത്സ്യങ്ങൾ ധാരാളമായി ലഭിക്കും. |

വെള്ളത്തിൻെറ താപനില ഉയരുംതോറും മത്സ്യങ്ങൾ തണുപ്പു തേടി ആഴക്കടലിലേയ്ക്ക് പാലായനം ചെയ്യും.

പെരുമഴയെ തുടർന്ന് കടൽ ശാന്തമാകുന്ന ദിവസങ്ങളിൽ ധാരാളം ചെറുമത്സ്യങ്ങളെ ഉപരിതലത്തിൽ നിന്നും പിടിച്ചെടുക്കാം.

കർണാടക

വെളുത്ത വാവിനോടടുത്ത ദിവസങ്ങളിൽ മത്സ്യലഭ്യത കൂടുന്നു.

പടിഞ്ഞാറുനിന്നും തീരത്തേക്കു വീശുന്ന കാറ്റ് നല്ല മത്സ്യലഭ്യതയുടെ സൂചനയാണ്.

തെക്കു നിന്നും വടക്കോട്ടു വീശുന്ന കാറ്റും പറന്നകലുന്ന വെള്ളക്കൊക്കുകളും വരാനിരിക്കുന്ന കടലിളക്കത്തിന്റെയും കോളിന്റെയും സൂചനയാണ്.

വടക്കു കിഴക്കൻ കാറ്റു വീശുന്നത് തൊട്ടടുത്ത ദിവസങ്ങളിൽ കടലിളക്കം സംഭവിക്കുമെന്നതിന്റെയും മത്സ്യലഭ്യത കുറയുമെന്നതിന്റെയും സൂചനയാണ്.

കരിമണ്ടുകൾ കൂട്ടമായി തീരത്തേക്കു പറന്നടുക്കുന്നതു ശക്തമായ തിരയിളക്കത്തിന്റെ സൂചനയാണ് നൽകുന്നത്.

കടലിൽ ചിലയിടങ്ങൾ കലങ്ങി മറിയുന്നത് ഉദ്ഗമനം അഥവാ upwelling നടക്കുന്നതു കൊണ്ടാണ്.

വെള്ളക്കൊക്കുകൾ ഉപരിതലത്തിനോട് ചേർന്നു പറക്കുന്നത് ചാളക്കൂട്ടങ്ങളുടെ സാന്നിദ്ധ്യം സൂചിപ്പിക്കുന്നു.

കടലിന്റെ നിറം ഇളം നീല നിറമാണെങ്കിൽ മത്സ്യലഭ്യത കുറയും.

ചാകര കാണപ്പെടുന്നത് മത്സ്യപ്പെയ്ത്തിന്റെ സൂചന നൽകുന്നു. ചാകരയുള്ള പ്രദേശങ്ങളിൽ കടൽ ശാന്തവും അതിനുപ്പുറത്തുള്ള പ്രദേശങ്ങളിൽ പ്രക്ഷുബ്ധമായിട്ടും കാണാൻ സാധിക്കും.

തീരത്തോടു ചേർന്നുള്ള കലങ്ങിമറിയൽ ദൃശ്യമായി മൂന്നു ദിവസത്തിനു ശേഷം മത്സ്യങ്ങൾ ധാരാളം ലഭിക്കുന്നു.

മഴ പെയ്തു കലങ്ങി മറിഞ്ഞ കടലിൽ മത്സ്യക്കൂട്ടങ്ങളെ തിരിച്ചറിയാൻ സാധിക്കില്ല.

കടലിളകുന്നതും ജന്തുപ്ലവകങ്ങൾ ധാരാളം കാണപ്പെടുന്നതും വരാനിരിക്കുന്ന ശക്തമായ കോളിന്റെ സൂചനയാണ്.

വെളുത്ത കടൽപ്പക്ഷികൾ കടലിൽ കാണപ്പെടുന്നത് കടലിളകാൻ പോകുന്നതിന്റെ സൂചനയാണ്.

കിഴക്കു നിന്നു പടിഞ്ഞാറോട്ടൊഴുകുന്ന മേഘങ്ങളും ഒപ്പം കരിമണ്ടുകളുടെ പാലായനവും ശക്തമായ കാറ്റിന്റെയും കടലിളക്കത്തിന്റെയും സൂചനയാണ്.

കടലിരുണ്ടു കൂടിയാൽ ശക്തമായ കാറ്റടിക്കാൻ സാധ്യതയുണ്ട്.

കടൽത്തീരത്തുകൂടി നടക്കുമ്പോൾ കാലുകൾ പതിവിലും താഴ്ന്നുപോകുന്നത് രണ്ടു മൂന്ന് ദിവസത്തിനുള്ളിൽ ശക്തമായ ചുഴലിക്കാറ്റിനുള്ള സാധ്യതയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്.

ചന്ദ്രനു ചുറ്റും പ്രഭാവലയം രൂപപ്പെട്ടാൽ കടൽത്തിര കൂടുന്നതായി കണ്ടുവരുന്നു.

രാത്രിയിൽ നക്ഷത്രങ്ങൾക്ക് പ്രഭ കുറയുന്നതു ശക്തമായ കാറ്റിനെ സൂചിപ്പിക്കുന്നു.

രാത്രിയിൽ കോടമഞ്ഞിറങ്ങിയാൽ പിറ്റേന്ന് ചൂടുകൂടാൻ സാദ്ധ്യതയുണ്ട്.

തെക്കൻ കാറ്റ് മഴ പെയ്യാനുള്ള സാധ്യതയിലേക്ക് വിരൽ ചൂണ്ടുന്നു.

ശക്തമായ കാറ്റും അതിനെത്തുടർന്ന് കടലിലുള്ള കലങ്ങിമറിയലും മത്സ്യലഭ്യത കുറയാൻ കാരണമാവും.

തെക്കൻ കാറ്റു വീശിയാൽ മത്സ്യലഭ്യത കുറയും. വടക്കൻ കാറ്റു വീശിയാൽ മത്സ്യലഭ്യത കൂടും. വടക്കു കിഴക്കൻ കാറ്റു വീശിയാൽ അയല മത്സ്യങ്ങൾ കൂടുതലായി ലഭിക്കും.

മഴയ്ക്കൊപ്പം കടൽപ്പന്നികൾ കൂടി കാണപ്പെട്ടാൽ മത്സ്യ ലഭ്യത കുറയുമെന്ന് സൂചന.

കാറ്റ് ശക്തി പ്രാപിക്കുന്തോറും കടലിന്റെ നിറം സ്വാഭാവിക പച്ചനിറത്തിൽ നിന്നും പാൽ നിറത്തിലേക്ക് മാറുന്നു.

കറുത്ത കടൽ കൊക്കുകൾ കടലിനു മുകളിലായി പറക്കുന്നതു ശ്രദ്ധയിൽപ്പെട്ടാൽ അടുത്ത 15 ദിവസത്തിനകം ചുഴലിക്കാറ്റിനു സാധ്യതയുണ്ട്.

മഴയോടൊപ്പമുള്ള തെക്കു പടിഞ്ഞാറൻ കാറ്റിൽ മത്സ്യങ്ങൾ തീരത്തോടു ചേർന്നുള്ള പ്രദേശങ്ങളിൽ വന്നു ചേരുന്നതായി കാണാം.

കറുത്ത പുഴുക്കൾ കൂട്ടമായി ജലോപരിതലത്തിൽ കാണപ്പെടുന്നത് 2 ദിവസത്തിനുള്ളിൽ ചുഴലിക്കാറ്റ് വീശുന്നതിനുള്ള സാധ്യതയാണ് കാണിക്കുന്നത്.

തുമ്പികൾ കൂട്ടമായി വടക്കോട്ടു പറക്കുന്നത് 2 ദിവസത്തിനുള്ളിൽ ശക്തമായ ചുഴലിക്കാറ്റ് വീശുമെന്നതിൻെറ സൂചനയാണ്.

തെക്കു പടിഞ്ഞാറു നിന്നും വന്നു ചേരുന്ന മത്സ്യക്കൂട്ടങ്ങൾ പ്രധാനമായും അയല, മത്തി, കൊഴുവ തുടങ്ങിയവയുടേതായിരിക്കും.

വടക്കൻ കാറ്റു വീശുന്നത് മത്സ്യങ്ങളെ ആഴത്തിലേക്ക് ഓടിപ്പായിക്കുന്നു.

കടലിന്റെ ഉപരിതലത്തിൽ നൊരി വന്നു പൊട്ടുന്നത് ഒന്നു രണ്ടു ദിവസത്തിനുള്ളിൽ ചുഴലിക്കാറ്റു വീശാനുള്ള സൂചനയാണ്.

| |
|---|
| ചുവന്ന തൂവൽപ്പക്ഷികൾ തെക്കു നിന്നും വടക്കോട്ടു പറക്കുന്നത് വരാൻ പോകുന്ന ചുഴലിക്കാറ്റിന്റെ സൂചനയാണ്. |
| തെക്കൻ കാറ്റു വീശിയാൽ അയലയും ആവോലിയും ലഭിക്കും. |
| ആകാശം മേഘാവൃതമാണെങ്കിൽ കാറ്റിനു ശക്തി കൂടും. |
| കടൽപ്പാമ്പുകൾ പിണഞ്ഞുകൂടുന്നത് വരാനിരിക്കുന്ന ചുഴലിക്കാറ്റിന്റെ സൂചനയാണ്. |
| ചിത്രശലഭക്കൂട്ടങ്ങൾ കടൽത്തീരത്തു പ്രത്യക്ഷപ്പെടുന്നത് തെക്കു പടിഞ്ഞാറൻ ചുഴലിക്കാറ്റു വരാൻ പോകുന്നതിന്റെ സൂചനയാണ്. |
| മഴയ്ക്കു തൊട്ടുമുമ്പായി 'കരിമണ്ടുകൾ' കൂട്ടമായി പറന്നടുക്കുന്നത് അയലക്കൂട്ടങ്ങളുടെ വരവിനെ സൂചിപ്പിക്കുന്നു. |
| വെള്ള കൊക്കുകൾ കടലിനു മുകളിലായി കാണപ്പെടുന്നത് കൊഴുവക്കൂട്ടങ്ങളുടെ വരവിനെ സൂചിപ്പിക്കുന്നു. |
| തീരത്തോടു ചേർന്നു വെള്ളം പതഞ്ഞു കൂടുന്നത് ചുഴലിക്കാറ്റ് വീശാൻ പോകുന്നതിൻെറ സൂചനയാണ്. |
| കന്നുകാലികൾ കയറുപൊട്ടിച്ച് ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്നത് സുനാമി വരാൻ പോകുന്നതിന്റെ സൂചനയാണ്. |
| ചാരനിറത്തിലുള്ള ചിത്രശലഭങ്ങൾ കൂട്ടം കൂട്ടമായി കടൽത്തീരത്തു കാണപ്പെട്ടാൽ ഒരാഴ്ചക്കുള്ളിൽ മഴ ആരംഭിക്കുമെന്ന് അനുമാനിക്കാം. |
| തീരത്തോടു ചേർന്ന വെള്ളത്തിനു കറുപ്പു രാശിയാണെങ്കിൽ ചുഴലിക്കാറ്റടിക്കാനും ചുവപ്പു രാശിയാണെങ്കിൽ മഴ വരാനും സാധ്യതയുണ്ട്. |
| വെളുത്ത കടൽ കൊക്കുകൾ കരയെ ലക്ഷ്യം വെച്ച് പറന്നടുക്കുന്നത് ചുഴലിക്കാറ്റിന്റെ വരവിനെ സൂചിപ്പിക്കുന്നു. |
| വടക്കൻ കാറ്റുവീശിയാൽ കൂടുതൽ മത്സ്യം ലഭിക്കും. തെക്കൻ കാറ്റു വീശിയാൽ മത്സ്യങ്ങൾ കൂട്ടമായി പാലായനം ചെയ്യും. |
| കാറ്റ് ഒരു ദിശയിൽ മാത്രമാണ് വീശുന്നതെങ്കിൽ മത്സ്യ ലഭ്യത കുറയാൻ സാധ്യത. |
| കടലിൽ നിന്നും തീരത്തിനു സമാനമായി വീശുന്ന കാറ്റ് കടലിനെ ശാന്തമാക്കുകയും മത്സ്യബന്ധനം അനായാസമാക്കുകയും ചെയ്യും. |
| മഹാരാഷ്ട്ര |
| സൂര്യനു ചുറ്റും പ്രഭാവലയം രൂപപ്പെടുന്നത് ശക്തമായ കൊടുങ്കാറ്റ് വരാനുള്ള സൂചന കാണിക്കുന്നു. |

തീരത്തോടു ചേർന്ന് വെള്ളം കലങ്ങി മറിയുന്നത് കൊടുങ്കാറ്റു വീശാനുള്ള സൂചന നൽകുന്നു.

കടലിനു പച്ചനിറം കൈവരിച്ചാൽ മത്സ്യ ലഭ്യത കൂടും.

കടൽ കലങ്ങിമറിഞ്ഞാൽ മത്സ്യലഭ്യത കൂടാനും തെളിനീരിൽ മത്സ്യങ്ങൾ കുറയാനും സാദ്ധ്യതയുണ്ട്.

കാറ്റ് വടക്കോട്ടും, പടിഞ്ഞാറോട്ടും വീശിയാൽ മത്സ്യ ലഭ്യത കൂടാനും തെക്കോട്ട് വീശിയാൽ മത്സ്യ ലഭ്യത കുറയാനും സാദ്ധ്യതയുണ്ട്.

## ഗുജറാത്ത്

തിരകൾ നോക്കിയാണ് മത്സ്യലഭ്യത മനസ്സിലാക്കുന്നത്.

മഴ കനക്കുംതോറും തീരത്തോടുചേർന്നുള്ള മത്സ്യലഭ്യത കുറയും.

കടൽക്ഷോഭവും ശക്തമായ കാറ്റും മത്സ്യത്തിന്റെ ലഭ്യത കുറയ്ക്കും.

പടിഞ്ഞാറുനിന്നും തീരത്തേക്കാണ് കാറ്റു വീശുന്നതെങ്കിൽ മത്സ്യലഭ്യത കൂടും.

തെക്കുനിന്നും വടക്കോട്ടാണ് കാററ് വീശുന്നതെങ്കിൽ കടൽ ക്ഷോഭിക്കാനും ചുഴലിക്കാറ്റടിക്കാനും സാധ്യതയുണ്ട്.

തണുപ്പു കാലങ്ങളിൽ വെളുത്തവാവിനോട് അനുബന്ധിച്ച രാത്രികളിൽ കലവ മത്സ്യങ്ങൾ ധാരാളമായി ലഭിക്കും.

അമാവാസി ദിവസങ്ങളിൽ നക്ഷത്രങ്ങൾക്ക് പ്രഭമങ്ങി കാണപ്പെടുന്നത് ശക്തമായ കാററിന്റെ സൂചനയാണ്.

കടലിൽ ഒരു പ്രത്യേക പ്രദേശത്തായി കടൽപ്പക്ഷികൾ കൂട്ടമിട്ടു പറക്കുന്നത് മത്സ്യക്കൂട്ടങ്ങളെ സൂചിപ്പിക്കുന്നു.

പൗർണ്ണമി ദിവസങ്ങളിൽ കണവയുടെ ലഭ്യത കൂടും.

അന്തരീക്ഷ ഊഷ്മാവ് കൂടുതലുള്ള ദിവസങ്ങളിൽ താരതമ്യേന മത്സ്യങ്ങളുടെ ലഭ്യത കൂടും.

കടലിന്റെ ഉപരിതലത്തിൽ വട്ടമിട്ടു പറക്കുന്ന കടൽപ്പക്ഷികൾ ആകാശത്തേയ്ക്ക് പറന്നുയരുന്നത് ചുഴലിക്കാററ് വീശാൻ പോകുന്നതിന്റെ സൂചന നൽകുന്നു.

## തമിഴ്നാട്

ശക്തമായി തിര മുഴച്ച് പൊട്ടുന്ന അവസരങ്ങളിൽ മത്സ്യലഭ്യത കുറയും.

വേനൽ മാസങ്ങളിൽ കൂന്തലിന്റെ ലഭ്യത കൂടുന്നു.

അമാവാസി ദിവസങ്ങളിൽ മത്സ്യങ്ങൾ ധാരാളമായി ലഭിക്കും.

പൗർണ്ണമി ദിവസങ്ങളിൽ മത്സ്യലഭ്യത കുറയും.

കടലിൽ നിന്നും ദുർഗന്ധം വമിക്കുന്നത് മത്സ്യങ്ങളുടെ വറുതിക്കാലത്തെ സൂചിപ്പിക്കുന്നു.

ഏപ്രിൽ മാസങ്ങളിൽ തെക്കുനിന്നും കാറ്റടിച്ചാൽ ധാരാളം മത്സ്യം ലഭിക്കും.

തീരത്തോടടുത്ത് 'ഉദ്ഗമനം' കണപ്പെടുന്ന ദിവസങ്ങളിൽ ധാരാളം മത്സ്യം ലഭിക്കും.

ഒക്ടോബർ-നവംബർ മാസങ്ങളിൽ വടക്കു നിന്നുമാണ് കാറ്റു വീശുന്നതെങ്കിലും ധാരാളം മത്സ്യം ലഭിക്കും.

### ആന്ധ്രാപ്രദേശ്

മഴയെത്തുടർന്ന് കടലിൽ ഉപ്പിന്റെ സാന്ദ്രത കൂടിവരുമ്പോൾ വിവിധതരം ഉപരിതല മത്സ്യങ്ങളെ ധാരാളമായി ലഭിക്കുന്നു.

വടക്കു കിഴക്കൻ കാറ്റ് വീശിയാൽ ചൂരയുടെ ലഭ്യത കൂടും.

'ഉദ്ഗമനത്തെ' തുടർന്ന് ചെറുതും വലുതുമായ ധാരാളം ഉപരിതല മത്സ്യങ്ങൾ ലഭ്യമാകുന്നു.

കാറ്റും തിരയും ഒരേ ദിശയിലാണെങ്കിൽ ഉപരിതല മത്സ്യങ്ങൾ കൂടുതലായി ലഭിക്കും.

ഒക്ടോബർ-ഫെബ്രുവരി മാസങ്ങളിൽ ജലത്തിന്റെ താപനില താരതമ്യേന കുറഞ്ഞു വരുന്നതും കടൽ ശാന്തമാകുന്നതും വടക്കു കിഴക്കൻ കാററടിക്കുന്നതും ചൂരയുടെ ലഭ്യത കൂടുന്നതിനുള്ള അനുകൂല സാഹചര്യങ്ങളാണ്.

ജലത്തിന്റെ താപനില ഉയരുന്നതോടൊപ്പം ചെമ്മീൻ, കണവ വിഭവങ്ങളുടെ ലഭ്യത കൂടി വരുന്നു.

വേനൽ മാസങ്ങളിൽ പലയിനം ചൊറികൾ തീരക്കടലിലേയ്ക്ക് കയറിവരുന്നത് പ്രധാനപ്പെട്ട ചെമ്മീൻ, മത്സ്യ ഇനങ്ങളുടെ ലഭ്യതയെ ബാധിക്കുന്നു.

### പശ്ചിമ ബംഗാൾ, ഒഡീഷ

ജലത്തിന്റെ താപനില ഉയരുമ്പോൾ മത്തി, അയല തുടങ്ങിയ മത്സ്യങ്ങൾ ധാരാളമായി ലഭിക്കുന്നു.

*ഡോ. സ്വാതിലക്ഷ്മി പി. എസ്
പ്രിൻസിപ്പൽ സയന്റിസ്റ്റ്
കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (CIFT)
മംഗലാപുരം